ശബ്ദമില്ലാത്ത ജനവിഭാഗങ്ങളുടെ ശബ്ദം
ദിനകൈരളി
DAILY KAIRALI
ജൂലൈ 15ന് പ്രസിദ്ധീകരണം ആരംഭിച്ചു.
എല്ലായിടത്തും പ്രാദേശിക ലേഖകരെ ആവശ്യമുണ്ട്. ബയോഡേറ്റ സഹിതം അപേക്ഷിക്കുക. എഡിറ്റർ, ദിനകൈരളി, ചിൻമയ ലെയിൻ, കുന്നുംപുറം, തിരുവനന്തപുരം – 695 001

സുഷുപ്തി
കുടുംബമാസിക
2016 നവംബർ
E-mail : nadarwelfare@gmail.com
Website : www.ayyavaikundar.org
നാടാർ സമുദായത്തിന്റെ മുഖപത്രം
നാടാർ കുടുംബക്ഷേമസമിതി അംഗങ്ങൾക്കുള്ള പഠനസഹായി

# കെ.എൻ.എം.എസ്. അറുപതാം വാർഷികമാഘോഷിച്ചു

**കേ**രള നാടാർ മഹാജനസംഘം രൂപീകരണ ദിനത്തിന്റെ അറുപതാം വാർഷികം സമുചിതമായി ആഘോഷിക്കപ്പെട്ടു. ആദ്യകാല സംഘാടകരായ എം. കുഞ്ഞുകൃഷ്ണൻ നാടാർ, കറ്റച്ചക്കോണം ജി.കെ. നാടാർ, അഡ്വ. പാപ്പനംകോട് ആർ. കൃഷ്ണൻ നാടാർ, കാഞ്ഞിരംകുളം കൊച്ചുകൃഷ്ണൻ നാടാർ, കാവടിത്തലയ്ക്കൽ ഭാസ്കരൻ നാടാർ, കോളിയൂർ പരമേശ്വരൻ നാടാർ, പി.സി. നാടാർ, അഡ്വ. എ. രമേഷ്ദാസ്, അബ്രഹാം മാസ്റ്റർ തുടങ്ങി അറിയപ്പെട്ടവരും അല്ലാത്തവരുമായ എല്ലാവരെയും അനുസ്മരിച്ച് മൗനപ്രാർത്ഥന നടന്നു.




പൂവച്ചൽ ആന്റണിയുടെ അധ്യക്ഷതയിൽ നടന്ന സമ്മേളനം നാടാർ കുടുംബക്ഷേമസമിതി ചെയർമാൻ എ.എസ്. അഹിമോഹനൻ ഉത്ഘാടനം ചെയ്തു.

ഡി. ജോൺ, അഡ്വ. എം.എച്. ജയരാജ്, അനസ്താസിയ ബാലസ്, ധർമ്മമണി, ആർ.എസ്. പ്രവീൺ രാജ്, കിളിയൂർ ബിനു, ജോസ് ജി.എം. എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന സംഘടനാ തെരഞ്ഞെടുപ്പിൽ രക്ഷാധികാരിയായി വട്ടപ്പാറദാസിനെയും ജനറൽ സെക്രട്ടറിയായി എം.പി. അപ്പുരാജൻനാടാരെയും സംഘം രജിസ്ട്രാറായി പൊന്നുമംഗലം കെ.കെ.നാടാരെയും എതിരില്ലാതെ തെരഞ്ഞെടുത്തു. മറ്റു സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നവംബർ 12ന് നടക്കും. ●

# അവഗണനയ്ക്കെതിരെ നാടാർസംഘങ്ങൾ ഒന്നിക്കുന്നു

**നാ**ടാർക്ക് ഭൂരിപക്ഷമുള്ള മണ്ഡലങ്ങളിൽ സീറ്റ് നൽകാതിരിക്കുക, പട്ടികജാതി സംവരണമായി പ്രഖ്യാപിക്കുക തുടങ്ങിയ രാഷ്ട്രീയ അവഗണനകൾക്കും നാടാർ സമുദായത്തെ ബാധിക്കുന്ന പൊതുവായ പ്രശ്നങ്ങളിലും ഒന്നിച്ച് പോരാടാൻ തമിഴ്നാട്ടിലെ പ്രമുഖ നാടാർ സംഘങ്ങൾ ഒന്നിക്കുന്നു.



തിരുനെൽവേലി ദക്ഷിണമാര നാടാർ സംഘവും മധുര നാടാർ സംഘവുമാണ് ഇത്തരത്തിൽ കൈകോർക്കുന്നത്. ഇതു സംബന്ധിച്ച ഒരു ഉന്നതതലയോഗം ദിണ്ടിഗൽ നാടാർ സംഘ സ്കൂൾ കോൺഫറൻസ് ഹാളിൽ നടന്നു. തമിഴ്നാട്ടിൽ ഇദം പ്രഥമമായാണ് ഇത്തരത്തിലൊരു യോഗം നടന്നത്.

തുടർന്ന് നടന്ന പത്രസമ്മേളനത്തിൽ ദിണ്ടിഗൽ നാടാർ സമുദായ നേതാവ് കനകസഭ നാടാർ, തിരുനെൽവേലി നാടാർ സംഘം പ്രസിഡന്റ് ഡി.ആർ. സഭാപതി നാടാർ, എൻ.എം.എസ് ജനറൽ സെക്രട്ടറി കരിക്കോൽ രാജ് എന്നിവർ യോഗ തീരുമാനങ്ങൾ അറിയിച്ചു.

# കൽച്ചൂരി മഹാസഭ ഛത്തീസ്ഗഢ് സംസ്ഥാനസമ്മേളനം നവംബർ 13ന്

ഭാരതീയ കൽച്ചൂരി ജയസ്വാൾ സമവർഗീയ മഹാസഭയുടെ സംസ്ഥാനസമ്മേളനം നവംബർ 13ന് റായ്പൂർ സിവിൽ ലൈൻസിലുള്ള വൃന്ദാവൻ ഹാളിൽ നടക്കും. വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്ന നാടാർ ഉപജാതികൾ ഒന്നിച്ചാണ് സംസ്ഥാന കമ്മിറ്റി രൂപം കൊണ്ടിട്ടുള്ളത്.

വിവാഹയോഗ്യരായ യുവാക്കളുടെ സ്വയംവരവേദിയും യുവജനവിഭാഗം സംസ്ഥാന കമ്മറ്റി തെരഞ്ഞെടുപ്പും പ്രതിഭകളായ വിദ്യാർത്ഥികൾക്ക് അവാർഡുദാനവും വിവിധ കലാപരിപാടികളും സമ്മേളനത്തിന്റെ ഭാഗമായി നടക്കും.

നാടാർ കുടുംബക്ഷേമ സമിതി ചെയർമാനും മഹാസഭാ ദേശീയ സെക്രട്ടറിയുമായ എ.എസ്. അഹിമോഹനൻ സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും.

# The Month That Was.....

**One India Scheme:** The Centre is working with the states to introduce "One India" the most ambitious 'Ease of doing business' initiative so far. Under it, investors will need to fill just a single e-form for doing business anywhere in India. The idea is to come out with the world's best single window clearance mechanism with in-built information that will help investors with the application process. Currently many investors have expressed disinterest to invest in India due to the cumbersome procedures involved and the negative attitude of the officials.



**Remembering Patel:** In its effort to cleanse the Nehruvian legacy and restore the historical importance of Sardar Vallabhai Patel in popular consciousness, the Narendra Modi government has conceived a nationwide "Integration of India" programme to celebrate the upcoming birth anniversary of the Iron Man of India. Vallabhai Patel was born on October 31, 1875. All across the country, television shows, special movie screenings, education drive, commemorative events, hoardings and banners will honour the independence era giant's legacy. The entire government machinery has been deployed out the unambiguous message as to who is the rightful heir to Patel's legacy.

**Brahmos Missile:** The missile was developed by India and Russia together with a range of 300 km. The production is being done at the sophisticated facility at Keltec Industries, Trivandrum. Following India's recent accession to "Missile Technology Control Regime (MTCR)", India is allowed to access to the missile technology with range above 300 km. In June 2016, India became the 35th member of the elite MTCR, which allows India to buy high end missile technologies. Now Russia and India have agreed to double the range of Brahmos Supersonic Cruise Missile to 600 km. The decision was taken between Prime Minister Modi and President Putin on the sidelines of the BRICS Summit held recently at Goa.





**US Presidential Election:** Republican candidate Donald Trump said that the relations between the United States and India will be at their best under his Presidentship. He praised our Prime Minister Narendra Modi as a pro – growth leader and a "Great Man". He said that he looks forward to working with Modi, who has been very energetic in reforming the economy and bureaucracy. Donald Trump's bid for the White House has been marginally damaged by the wave of sexual assault allegations. Trump set off a fire storm on the campaign by refusing to commit himself to honour the outcome of the election. He said, 'I will totally accept the result if the great and historic Presidential election if I win'. But he went on to add, 'I will accept a clear election result but I will also reserve my right to contest and file a legal challenge in the case of a questionable result'. Things have gone so bad that both the candidates called each other puppies. They clashed over a host of issues ranging from Foreign Policy to Immigration in the third and final debate on October 17, 2016. It swerved from policy discussions to personal attacks. First Lady Michelle Obama spoke vehemently supporting Hilary who she said is a level headed leader and that she never buckled under pressure during her tenure as Secretary of State. Frustrated Donald Trump made First Lady Michelle Obama a public target of his anger for the first time in the final weeks of the Presidential race by quoting what she said about Hilary during the 2008 election where Hilary contested against Obama for the Democratic seat. Now Hilary holds a comfortable lead nationally over her rival indicating a formidable advantage for her in the Electoral College arithmetic.The election is to be held on November 8th 2016.







Er. Jayakumar Thomas

**INDO - PAK:Uriattack's Impact:** To bolster India's offensive capability on its porous borders, the Ministry of Defence is all set to equip the armed forces with weaponized drones. Till now, Indian security agencies used UAVs or drones only for surveillance and reconnaissance missions. Now the Ministry is in a shopping spree with nearly Rupees One Lakh Forty thousand Crores worth of recently approved projects ranging from Rafale fighter planes to S400 Air defence systems along with fast track equipment like assault rifles, light machine guns etc. With joining MTCR, the path is opened for procuring weaponised drones fitted with missiles and laser guided bombs. In view of the prevailing security scenario on Western borders, armed drones will give an edge to the security agencies guarding our borders. India will be able to negotiate and purchase US'Predators' and Israeli 'Herron' TP.



**BRICS:** The 8th BRICS (Brazil, Russia, India, China and South Africa) summit ended on October 17th 2016 with the adoption of 'Goa Declaration' which pledged opposition to terrorism. It also called for checking Islamic State. Modi emphasized that it is time to stand up and act against terror. The countries were represented by President of Brazil Michael Temur, President of Russia Putin, Prime Minister of India Narendra Modi, President of China Xi Jinping and South Africa President Jacob. The five – nation group agreed to set up an independent rating agency based on market – oriented principle saying it would further strengthen the global governance architecture.



**Ship Recycling:** Ship recycling is a large business to a number of companies world over. Denmark Maersk Line, the world's largest Container Shipping Company is likely to send more decommissioned vessels to shipping yards in Alang (Gujarat) for recycling at competitive prices and without harming the environment. This shows why they came from China and Turkey and why they are not going to Bangladesh and Pakistan (where are standards are very low).

**Railway Coaches:** The long awaited Rs. 550 Crore Rail Coach Factory at Kanjikode, near Palakad will be a reality soon if Railway Ministry approves a fresh proposal mooted by the Railway Board to establish an Aluminum Coach Factory under Public – Private – Partnership (PPP) to manufacture light weight coaches that can help reduce fuel consumption.

**New Car Engine:** An Israeli firm 'Rosh Haayin' says a super – efficient engine it has created could drastically reduce fuel consumption and help power an auto industry revolution as manufactures search for environmentally sound alternatives. According to the firm, the engine can allow cars to travel more than 1600 km on a single tank of fuel, more than double current distances. The invention relates to the replacement of combination of vertical cylinders to a single horizontal cylinder. It has fewer than 20 parts. It has the lowest emissions and the highest power to weight ratio. This invention is likely to be a competitor for the growing popularity of electric cars. ●

# നാടാർ സമുദായം – ഒരു ലഘുവിവരണം

## കാഞ്ഞിരംകുളം കൊച്ചുകൃഷ്ണൻ നാടാർ എഴുതിയ നാടാർ ചരിത്രം എന്ന പുസ്തകത്തിൽനിന്ന്

*കഴിഞ്ഞലക്കത്തിന്റെ തുടർച്ച......*

**3. സാഹിത്യം**

ഏതു ഭാഷയുടേയും ആദ്യരൂപം നാം പരിശോധിച്ചാൽ പ്രാകൃതങ്ങളായ ഗാനസമുച്ചയങ്ങളായിരുന്നു എന്നു കാണാം. അതുതന്നെയാണ് തമിഴിന്റെയും മലയാളത്തിന്റെയും അവസ്ഥ. അതിപുരാതനകാലത്തിൽ ഈശ്വരാരാധനകൾക്കായി രചിച്ചിട്ടുള്ളവയാണ് ഇമ്മാതിരിപാട്ടുകൾ. അവ വില്ലടിച്ചാൻപാട്ട് എന്ന പ്രത്യേകഗണത്തിൽ ഇന്നും നമുക്ക് സുപരിചിതങ്ങളാണ്. തിരുനെൽവേലി ജില്ലയിലും തിരുവിതാംകൂറിന്റെ ദക്ഷിണഭാഗങ്ങളിലും ഈ പാട്ടുകൾ ഇന്നും നടപ്പിലിരിക്കുന്നു. തമിഴ്നാട്ടിലാണ് ഇതിനു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളത്. ഇത് നാടാർസമുദായത്തിന്റെ പ്രത്യേക സ്വത്താണെന്ന് സ്വാഭിമാനം പറയാവുന്നതാണ്. പുരാതനകാലത്ത് അനവധി പ്രസിദ്ധിപെറ്റ പുലവന്മാർ (പണ്ഡിതന്മാർ) ഉണ്ടായിരുന്നു. ഇതു സംബന്ധിച്ചുള്ള ചാമുണ്ഡിക്കഥ, മതിലകത്തു കഥ, ഇരവിക്കുട്ടിപ്പിള്ളപ്പോർ എന്നിവ മലയാളത്തിൽ പ്രസിദ്ധം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം തിരുവിതാംകൂർ ടെക്സ്റ്റുബുക്ക് കമ്മറ്റി, ലൈബ്രറികൾക്ക് സ്വീകരിച്ചിട്ടുള്ളതിൽ നിന്നും ഈ പ്രാചീന ഗാനങ്ങളുടെ മാഹാത്മ്യം വ്യക്തമാകുന്നുണ്ടല്ലോ. ശിവകാശി ഹിന്ദു നാടാർ ഹൈസ്കൂൾ, തിരുച്ചുളി ഹിന്ദു നാടാർ ക്ഷത്രിയവിദ്യാശാല മുതലായി തമിഴ്നാട്ടിലുള്ള വിദ്യാലയങ്ങളിൽ വില്ലടിപ്പാട്ട് ഒരു പ്രത്യേക വിഷയമായി ഗണിച്ച് ഇപ്പോഴും പരിശീലനം നൽകിവരുന്നുണ്ട്. നാടാർസമുദായത്തിന്റെ അധിനിവേശം സിദ്ധിക്കാത്ത സ്ഥലങ്ങളിൽ ഈ പാട്ടിനും അധികം പ്രചാരം സിദ്ധിച്ചിട്ടില്ല. ഇതിൽനിന്നുതന്നെ ഈ പാട്ട് ഈ വർഗ്ഗക്കാരുടെ ഇടയിലുള്ളതാണെന്നു വ്യക്തമാകുന്നുണ്ട്.

**4. വിദ്യാഭ്യാസം**

നാടാർ സമുദായത്തിന്റെ മാതൃഭാഷ തമിഴാണ്. എന്നാൽ തിരുവിതാംകൂറിൽ വിളവംകോട് താലൂക്കിനു പടിഞ്ഞാറ് അധിവസിക്കുന്ന നാടാർ സമുദായാംഗങ്ങൾ പരിതഃസ്ഥിതി അനുസരിച്ച് മലയാളഭാഷ കൈകാര്യം ചെയ്യേണ്ടതായി വന്നു. ഇപ്പോഴത്തെ ഭാഷ മലയാളമാണെങ്കിലും മറ്റു സംസ്കാരം മുഴുവൻ തമിഴരുടേതു തന്നെയാണ്. കൊല്ലവർഷം 1082-നു മുൻപ് ഇവിടത്തെ കച്ചേരിഭാഷ തമിഴ് തന്നെയായിരുന്നു.

1941-ലെ തിരുവിതാംകൂർ സെൻസസ്സ് റിപ്പോർട്ടനുസരിച്ച് നാടാർ (ഹിന്ദു) സമുദായത്തിന്റെ വിദ്യാഭ്യാസം പുരുഷന്മാർ 33.3%-വും, സ്ത്രീകൾ 10.7%-വും ആണെന്നു കാണുന്നു. സ്ത്രീ വിദ്യാഭ്യാസം കുറവായതിനാൽ ഈ സമുദായത്തിലെ ഹിന്ദുപെൺകുട്ടികൾക്ക് മുഴുവൻ ഫീസ് സൗജന്യം അനുവദിച്ചുകൊണ്ട് 1946 നവംബർ 23-ന് R.D.S. No. 252146 എഡ്യൂക്കേഷൻ എന്ന ഗവൺമെന്റ് പ്രൊസീഡിംഗ്സ് ഉണ്ടായിട്ടുണ്ട്. ഇതനുസരിച്ചുള്ള സൗജന്യം നാളതുവരെ അനുഭവിച്ചുവരുന്നു.

ഈ സമുദായത്തിൽനിന്നും ക്രിസ്ത്യാനികളായവരുടെ വിദ്യാഭ്യാസം 1941-ലെ കണക്കിൽനിന്നും പ്രത്യേകം അറിയാൻ പാടില്ല. എന്നാൽ പൊതുവിൽ S.I.U.C. പുരുഷന്മാർ 55.2%-വും, സ്ത്രീകൾ 39.8%-വും R.C.ക്കാർ പുരുഷന്മാർ 52% -വും, സ്ത്രീകൾ 34.9%-വും ആണെന്നു കാണുന്നു.



**5. വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

ദക്ഷിണ ഇൻഡ്യയിലെ വിദ്യാഭ്യാസവിഷയത്തിൽ നാടാർ സമുദായംഗങ്ങളും സംഘടനകളും സമുചിതമായ പ്രചരണം നൽകിപ്പോരുന്നു. മധുര നാടാർമഹാജനസംഘത്തിൽനിന്നും 1953-54 സ്കൂൾ വർഷത്തിൽ 46 സ്കൂളുകൾക്ക് ഗ്രാന്റ് നൽകി സഹായിച്ചിട്ടുണ്ട്. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള ശാഖകളിൽ പലതിലും പള്ളിക്കൂടങ്ങൾ നടത്തിപ്പോരുന്നു. ശിവകാശി, മധുര, വിരുതുനഗർ, തിരുനെൽവേലി എന്നുവേണ്ട, നാടാർസമുദായം അധികമായി താമസിക്കുന്ന സ്ഥലങ്ങളിലെല്ലാം ഈ സമുദായത്തിലെ അംഗങ്ങൾത്തന്നെ സ്കൂൾ സ്ഥാപിച്ച് സുശോഭനമാം വിധം നടത്തിവരുന്നുണ്ട്.

വിരുതുനഗർ, ശിവകാശി മുതലായ സ്ഥലങ്ങളിലെ പല സ്കൂളുകളും ഈ സമുദായക്കാരുടെ വിദ്യാഭ്യാസപുരോഗതിയ്ക്കായി സ്ഥാപിച്ചിട്ടുള്ളവയാണെങ്കിലും മറ്റു ജാതിക്കാരിൽനിന്നുപോലും ഫീസു വാങ്ങാതെ പഠിപ്പിച്ചുവരുന്നു.

ചെന്തിക്കുമാർനാടാരുടെ പ്രത്യേക പരിശ്രമഫലമായി വിരുതുനഗറിൽ സ്ഥാപിച്ചിട്ടുള്ള "ചെന്തിക്കുമാർനാടാർ കോളേജ്" പ്രത്യേകം പ്രസിദ്ധിപെറ്റതാണ്.

ദക്ഷിണതിരുവിതാംകൂറിലെ വിദ്യാഭ്യാസവിഷയത്തിൽ നാടാർസമുദായംഗങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഹൈസ്കൂൾ, മിഡിൽസ്കൂൾ, പ്രൈമറി സ്കൂൾ എന്നിവയിൽ പലതും ഇതിലെ വ്യക്തികൾ നടത്തിപ്പോരുന്നു. നെയ്യാറ്റിൻകര താലൂക്കിൽത്തന്നെ കാഞ്ഞിരംകുളം, നെല്ലിമൂട്, ബാലരാമപുരം, പാറശ്ശാല, വ്ളാത്താൻകര എന്നീ സ്ഥലങ്ങളിലെ ഹൈസ്കൂളുകൾ നടത്തുന്നത് ഈ സമുദായത്തിലെ വ്യക്തികളാണ്. ●

*(അവസാനിച്ചു)*


## വരിസംഖ്യ അയച്ചുതരണം

സുഷുപ്തിമാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിന് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടെന്നറിയാമല്ലോ. മാന്യവായനക്കാർ വരിസംഖ്യ അയച്ചുതന്ന് സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ പോസ്റ്റാഫീസിൽ നിന്നും മണിയോർഡറായി അയക്കാവുന്നതാണ്. അല്ലാത്ത പക്ഷം സുഷുപ്തിയുടെ ബാങ്ക് അക്കൗണ്ടിലേക്കു അയക്കാം.

അക്കൗണ്ട് നമ്പർ : 62269144219

ബാങ്ക് : സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ്.

ബ്രാഞ്ച് : തിരുവനന്തപുരം. IFSC - SBHY0020731

*- എഡിറ്റർ*

**സുഷുപ്തി മാസിക ഇപ്പോൾ ഓൺലൈനായി വായിക്കാം. www.ayyavaikundar.org എന്ന വെബ്സൈറ്റിന്റെ ഹോം പേജിൽ 'സുഷുപ്തി' ക്ലിക് ചെയ്ത് ലോകത്തെവിടെയിരുന്നും സുഷുപ്തിമാസിക വായിക്കാവുന്നതാണ്.**



# ഹംപി : ചരിത്രമുറങ്ങുന്ന

കടുത്ത ഉച്ചവെയിലിനെ കീറിമുറിച്ചുകൊണ്ട് കാർ ഹംപി ക്ഷേത്രത്തിനു മുമ്പിൽ നിന്നു. വലിയൊരു പോലീസ് സന്നാഹമവിടെ ഉണ്ടായിരുന്നു. ഒരു കേന്ദ്രമന്ത്രി ക്ഷേത്രസന്ദർശനത്തിനെത്തുന്നുണ്ടത്രെ. പെട്ടെന്നാണ് മന്ത്രിയുമായി ഒരു വാഹനവ്യൂഹം കടന്നുവന്നത്.

മന്ത്രിയുടെ സന്ദർശനം കഴിഞ്ഞ് അകത്തു കടക്കാമെന്ന എന്റെ തീരുമാനത്തെ മറികടന്ന് എന്റെ സഹായി സുരേഷ് എന്നെയും കൂട്ടി അകത്തുകടന്നു. ദേവപ്രതിഷ്ഠയുടെ സമീപത്തേക്ക് ഭക്തർക്ക് പ്രവേശനമില്ല. എന്നാൽ കേന്ദ്രമന്ത്രിയെ അവിടേയ്ക്ക് ആനയിച്ച് അദ്ദേഹത്തിനുള്ള അർച്ചനകളും മറ്റും ആരംഭിച്ചുകഴിഞ്ഞു. സുരേഷ് മുഖ്യ പൂജാരിയെ കൈ ആംഗ്യം കാട്ടി വിളിച്ചു. അദ്ദേഹം ഒരു നിമിഷം ഞങ്ങളുടെ അടുത്തെത്തി. അദ്ദേഹത്തിന്റെ ചെവിയിൽ സുരേഷ് എന്തോ പറഞ്ഞു.



ഹംപി വിരൂപാക്ഷേശ്വര ക്ഷേത്രം

ഉടൻ തന്നെ മുഖ്യപൂജാരി എന്നെ ദേവവിഗ്രഹത്തിനടുത്തേയ്ക്ക് ആനയിച്ച് എന്റെ പേരും നാളും ചോദിച്ച് അർച്ചനയും പൂജകളും ആരംഭിച്ചു. അവിടെ മന്ത്രിയും ഞാനും മാത്രം. മന്ത്രിയുടെ സുരക്ഷാ ഉദ്യോഗസ്ഥർപോലും കുറച്ചു പുറകിൽ നിൽക്കുകയായിരുന്നു. പെട്ടെന്ന് മന്ത്രി എന്നെ ഒന്നു നോക്കി. ഞാനൊന്നും മനസ്സിലാകാത്ത രീതിയിൽ 'ഭക്തി'യിൽ ലയിച്ചുനിന്നു.

മന്ത്രി പുറത്തേക്കിറങ്ങിയതിനു പിന്നാലെ ഞങ്ങളുമിറങ്ങി. കൈയിലിരുന്ന പ്രസാദവും പഴവുമൊക്കെ അവിടെ സ്വതന്ത്രമായി വിഹരിച്ചുനടന്ന കുരങ്ങന്മാർ തട്ടിയെടുത്തുകൊണ്ടുപോയി. ഒരു ഭയവുമില്ലാത്ത അവർ സമീപത്തിരുന്നു തന്നെ അവയെല്ലാം ഭക്ഷിച്ചു.

പുറത്തിറങ്ങിയ ഞങ്ങൾ കുറച്ച് നടന്ന് ഒരുയർന്ന സ്ഥലത്തെത്തി. വലിയൊരു പാറക്കെട്ടിനു സമീപം നിന്ന് നാലുപാടും കണ്ണോടിച്ചു. കിലോമീറ്ററുകൾ അകലത്തിൽ ഒരു വൻ കോട്ട കാണപ്പെട്ടു. ആരും നിർമ്മിക്കാത്ത കോട്ടു. നിരന്നുനിൽക്കുന്ന പാറക്കൂട്ടങ്ങൾ കൊണ്ട് ഒരു ശക്തമായ കോട്ടയുടെ എല്ലാ സംവിധാനങ്ങളുമുള്ള ഒരു വലിയ ഭൂപ്രദേശം. നയനാനന്ദകരവും അത്ഭുതകരവുമായ കാഴ്ച. ക്ഷേത്രദർശനത്തിന്റെ പേരിലാണെങ്കിലും ഇവിടെ വന്ന് ഈ കാഴ്ച കണ്ടില്ലായിരുന്നെങ്കിൽ ഒരു വൻ നഷ്ടമായി പോകുമായിരുന്നു.

നാട്ടിൽ തിരിച്ചെത്തി ചരിത്രത്തിന്റെ താളുകൾ മറിക്കുമ്പോഴാണ്, വിജയനഗര സാമ്രാജ്യത്തിന്റെ ആദ്യഭരണകേന്ദ്രമായ ഹംപിയാണ് ഈ ഭൂപ്രദേശമെന്നു മനസ്സിലായത്. സാഹസികരും സഹോദരങ്ങളുമായിരുന്ന ഹരിഹരൻ, ബുക്കരായൻ എന്നീ യുവാക്കൾ സ്ഥാപിച്ച സാമ്രാജ്യത്തിന്റെ ആസ്ഥാനം.

കാലാതീതയായൊഴുകുന്ന തുംഗഭദ്ര നദി ഓമനിച്ചു വളർത്തി ലോകചരിത്രത്തിനു സംഭാവന നൽകിയ മനോഹരമായ തന്ത്രപ്രദേശമാണ് ഹംപി. വിജയനഗര സാമ്രാജ്യത്തിലെ പ്രഗത്ഭരായ രാജാക്കന്മാരോരോരുത്തരും നിർമ്മാണരംഗത്ത് തങ്ങളുടെ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഒരു ശക്തമായ സൈനിക രാജ്യത്തിന് രൂപം നൽകിയ ഹരിഹരനും ബുക്കനും ഹംപിയെ തലസ്ഥാനമാക്കുന്നതോടെ നിരന്തരമായി യുദ്ധം ചെയ്യുന്ന ചെറിയൊരു രാജ്യത്തിന് ആരംഭം കുറിക്കുകയായി. ഈ വിജയനഗരസാമ്രാജ്യത്തിന് മൂന്ന് വംശങ്ങളാണ് നേതൃത്വം നൽകിയത്. സംഗമവംശം, സാളുവംശം, തുളുവംശം.

ഹരിഹരൻ ഒന്നാമനാൽ സ്ഥാപിക്കപ്പെട്ട സംഗമവംശത്തിൽ ബുക്കൻ ഒന്നാമൻ, ഹരിഹരൻ രണ്ടാമൻ, ദേവരായൻ ഒന്നാമൻ, ദേവരായൻ രണ്ടാമൻ എന്നിവരാണ് ശ്രദ്ധേയരായവർ. വേദങ്ങൾക്ക് വ്യാഖ്യാനം രചിച്ച സായകനായിരുന്നു ബുക്കൻ ഒന്നാമന്റെ പ്രധാനമന്ത്രി. 1324-ൽ സുൽത്താൻ മുജാഹിദ് ഷായെ അതിഭയങ്കരമായ യുദ്ധത്തിൽ തോൽപിച്ചതോടെ 'മഹാരാജാധിരാജ പരമേശ്വര' എന്നറിയപ്പെട്ട ബുക്കൻ ഒന്നാമൻ ഒറീസ്സ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ കീഴടക്കി. തുടർന്ന് അധികാരമേറ്റ ഹരിഹരൻ രണ്ടാമൻ വിരൂപാക്ഷ ഭാവത്തിലാണ് പരമശിവനെ ആരാധിച്ചത്. 1424-ൽ അധികാരമേറ്റ ദേവരായൻ രണ്ടാമനായിരുന്നു ഹംപി ക്ഷേത്രത്തിന്റെ നിർമ്മാണം നിർവഹിച്ചത്.

ചന്ദ്രഗിരിരാജാവായ നരസിംഹ സാളവ, സംഗമരാജാവായ വിരൂപാക്ഷനെ സ്ഥാനഭ്രഷ്ടനാക്കിയതോടെ സാളവംശത്തിന്റെ തുടക്കമായി. ആഭ്യന്തരകലാപങ്ങൾ അടിച്ചൊതുക്കി വിജയനഗര സാമ്രാജ്യത്തെ അദ്ദേഹം ശക്തിപ്പെടുത്തി.

ആത്മ വിസ്മൃതിയിലമർന്ന ഒരു ജനതയെ പ്രതീക്ഷയുടെ കിരണങ്ങൾ ജ്വലിപ്പിച്ച് ഉണർത്തിക്കൊണ്ട് 1509ൽ യുവാവായ കൃഷ്ണ



എ.എസ്. അഹിമോഹനൻ

ദേവരായർ ചക്രവർത്തിയായതോടെ വിജയനഗര സാമ്രാജ്യത്തിന്റെ സുവർണ്ണകാലമായി; തുളുവംശത്തിന്റെ തുടക്കവും. പ്രഗത്ഭനായ സൈന്യാധിപനും ഊർജ്ജസ്വലനായ യോദ്ധാവുമായ ഈ ഇരുപത്തൊന്നുകാരൻ യുദ്ധരംഗത്ത് മുൻപന്തിയിൽ നിന്ന് അടരാടിയിരുന്നു. വർദ്ധിച്ച ആത്മധൈര്യമുള്ള സൈന്യത്തെ നയിച്ച



താമരക്കൊട്ടാരം

കൃഷ്ണദേവരായർ എല്ലാ യുദ്ധങ്ങളിലും വിജയിച്ചു. ദീർഘവീക്ഷണവും പക്ഷപാതരഹിതമായ ഇടപെടലും അദ്ദേഹത്തെ പ്രശസ്തനാക്കി. സൈനികർ മാത്രമല്ല രാജാവും സുദൃഢമായ ശരീരത്തിനുടമയായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. വിമർശനങ്ങളെ അദ്ദേഹം സ്വാഗതം ചെയ്തു. അമിതമായ നികുതിപിരിവ് അദ്ദേഹം ഒഴിവാക്കി. മതസ്വാതന്ത്ര്യവും അനുവദിച്ചിരുന്നു. തെന്നാലിരാമൻ കൃഷ്ണദേവരായരുടെ സദസ്സിലെ പണ്ഡിതനായിരുന്നു.

ദക്ഷിണേന്ത്യയിലെ കന്യാകുമാരി വരെയും ശ്രീലങ്ക ഉൾപ്പെടെ ഒട്ടുമുക്കാൽ പ്രദേശങ്ങളും ഇക്കാലത്ത് വിജയനഗര സാമ്രാജ്യത്തിനു കീഴിലായിരുന്നു. വേണാടുമായി ഒന്നിലധികം തവണ യുദ്ധങ്ങളുണ്ടായി. പലപ്പോഴും വേണാട് തോൽക്കുകയാണുണ്ടായത്. എന്നാൽ നാമമാത്രമായ വിജയവും ഉണ്ടായിട്ടുണ്ട്. വിജയനഗരത്തിന് വേണമെങ്കിൽ വേണാടിനെ കീഴടക്കാമായിരുന്നു. എന്നാൽ കൃഷ്ണദേവരായർക്ക് വേണാട് രാജാക്കന്മാരോടുണ്ടായിരുന്ന സഹോദരത്വമനോഭാവമായിരിക്കാം അതൊഴിവാക്കിയത്. വിജയനഗര സാമ്രാജ്യത്തിന്റെ മുഖമുദ്രയാണ് ക്ഷേത്രങ്ങൾക്ക് മുകളിലെ പ്രത്യേക തരത്തിലുള്ള ഗോപുരം. ഇത് നമുക്ക് തിരുവട്ടാർ ആദികേശവ പെരുമാൾ ക്ഷേത്രത്തിലും തിരുവനന്തപുരത്തെ പത്മനാഭസ്വാമി ക്ഷേത്രത്തിലും കാണാൻ കഴിയും.

പ്രധാന വിഗ്രഹമായ അനന്തശയനം വിജയനഗരത്തിന്റെ സ്വാധീനം ബോധ്യപ്പെടുത്തുന്നതാണെന്ന് കരുതുന്നതിൽ തെറ്റില്ല. പത്മനാഭസ്വാമി ക്ഷേത്രത്തിലും തിരുവട്ടാറിലും തൃച്ചി ശ്രീരംഗം ക്ഷേത്രത്തിലും തിരുപ്പതി വെങ്കടാചലപതി ക്ഷേത്രത്തിലും ഹംപി അനന്തശയന ക്ഷേത്രത്തിലും ഒരേ രൂപസാദൃശ്യമുള്ള വിഗ്രഹങ്ങളാണ് പ്രതിഷ്ടിക്കപ്പെട്ടിരിക്കുന്നത്.

തിരുവനന്തപുരത്തെ പത്മനാഭസ്വാമിക്ഷേത്രത്തിന്റെ നിലവറകളിൽ സൂക്ഷിച്ചിട്ടുള്ള വമ്പൻ സ്വർണ്ണശേഖരവും വിജയനഗരത്തിന്റേതാകാൻ സാധ്യതയുണ്ട്. കൃഷ്ണദേവരായർക്കുശേഷം ശക്തി കുറഞ്ഞ രാജാക്കന്മാരുടെ കാലത്ത് ബാഹ്മിനി സുൽത്താന്മാരുടെയും ഡൽഹിയിലെ മുസ്ലിം ചക്രവർത്തിമാരുടെയും ആക്രമണം ഭയന്ന് വേണാട് സുരക്ഷിതവും വിശ്വസ്തവുമായതിനാൽ ഇവിടെ തന്ത്രപരമായി മാറ്റിയതാവാം. വേണാടിന് ഇത്രയധികം സ്വത്ത് ആർജ്ജിക്കുവാനുള്ള യാതൊരു സാധ്യതകളും ഉണ്ടായിരുന്നതായി തെളിയിക്കപ്പെട്ടിട്ടില്ലല്ലോ. വേണാടിലെ ചില സമുദായങ്ങളിൽ നി ന്നും നിരവധി വിവാഹബന്ധങ്ങൾ വിജയനഗരക്കാർക്കുണ്ടായിരുന്നു എന്നതും ഇക്കാര്യത്തിൽ കൂട്ടി വായിക്കപ്പെടേണ്ടതാണ്.



കൽത്തേര്

ഹംപി വിരൂപാക്ഷ ക്ഷേത്രനടയിൽ നിന്ന് ഞങ്ങൾ കമലാപൂരിനടുത്തുള്ള താമരകൊട്ടാരവും സമീപത്തെ തകർന്നടിഞ്ഞ കൊട്ടാരവശിഷ്ടങ്ങളും സന്ദർശിച്ചു. ഹംപിമേഖലയിലാകമാനം അറുപതിലധികം ക്ഷേത്രങ്ങൾ കാണുവാൻ കഴിയും. പുരന്ദരമണ്ഡപവും അതിനടുത്ത കൽത്തേരും സവിശേഷ കാഴ്ചകളാണ്. എല്ലാ സ്ഥലങ്ങളും ചുറ്റിക്കാണുവാൻ കുറഞ്ഞത് മൂന്നു ദിവസമെങ്കിലും വേണം. അടുത്ത ദിവസം കാലത്ത് ബംഗളൂരുവിൽ ഒരു പരിപാടിയിൽ പങ്കെടുക്കേണ്ടതിനാൽ വൈകിട്ട് ഏഴിനുള്ള ഹംപി എക്സ്പ്രസ്സിൽ ഞാൻ ബംഗളൂരുവിനു പുറപ്പെട്ടു. ●

# അരുൾനൂൽ; അറിവിന്റെ പുതിയ പാഠങ്ങൾ

38



## ശിവകാണ്ഡ അധികാരപത്രം

*(തുടർച്ച...)*

29. കോല നെടുമാലയനും
കോലം കട്ടി ആടുകിറേൻ.
നിത്തം ചെത്ത പാവിയപ്പാ
നാതനെടുത്തു താറേനപ്പാ
ചെത്തുച്ചെത്തു പിറപ്പേനടാ
എൻ ചിത്തു വിത്തൈ അറിയമാട്ടാൻ
അല്ലും പകലും കുറികൾ ചൊല്ലി അവതിമെത്ത

മകനേ! വിവിധ കാലങ്ങളിൽ വിവിധ നാമരൂപങ്ങളിൽ അവതിക്കേണ്ടിവന്ന നാമവും രൂപവും ഇല്ലാത്ത എങ്ങും നിറഞ്ഞ ആ പരംപൊരുൾ ഇപ്പോൾ അയ്യാവൈകുണ്ഠനാഥരുടെ വേഷത്തിലിരുന്ന് നിത്യസത്യശുദ്ധജ്ഞാനം അരുൾചെയ്യുന്നു. എല്ലാക്കാലത്തും നല്ലവരെ - പുണ്യാത്മാക്കളെ ത്രികാലജ്ഞാനിയായ അയ്യാവൈകുണ്ഠനാഥർ മനസ്സിലാക്കിയിരുന്നു. ജീവാത്മാപരമാത്മായോഗത്താൽ എങ്ങുംനിറഞ്ഞ പരംപൊരുളായതിനാൽ ശരീരിയായും അശരീരിയായും മായാജാലക്കാരനായും അയ്യാവൈകുണ്ഠനാഥർ വാഴുന്നു. അദ്ദേഹത്തിന്റെ മാഹാത്മ്യത്തെ സാധാരണ ജനങ്ങൾ മനസ്സിലാക്കുന്നില്ല. യാതൊരു വിശ്രമവും ഇല്ലാതെ - രാത്രിയെന്നും പകലെന്നുമുള്ള വ്യത്യാസം ഇല്ലാതെ വിവിധ കർമ്മധർമ്മങ്ങളിൽ മുഴുകി ക്ഷീണിച്ചിരിക്കുന്നു.

30. ആടുതടാ ഒരു പമ്പരം താൻ അതൈയമർത്ത വല്ലാരിങ്കുമുണ്ടോ.
കാണുങ്കുറി ചൊല്ലുതർക്കു കഴുകു മലൈയാണ്ടി വന്തേനടാ
ഇനി തേനിമലർ മീതിരുന്തു പല ചിറപ്പു ചെയ്യുവാറേനടാ
ഉങ്കൾ കുലതെയ്വമെന്റു എന്നൈ ഉപചരിപ്പാരില്ലൈയടാ
കാരണ തെയ്വമെന്റു എനക്കു കടൻ ചെലുത്തയാരുമില്ലൈ.

മകനേ! ചക്രായുധം (ശിവതത്ത്വം, നിത്യസത്യശുദ്ധജ്ഞാനം) അരുൾ ചെയ്യുന്നു. അത് ശ്രവിക്കുവാനോ ശ്രവിച്ച ജ്ഞാനം സൂക്ഷ്മബുദ്ധികൊണ്ട് വിശകലനം ചെയ്തു സ്വരൂപബോധത്തിലേക്ക് ഉണരുവാനോ ശ്രമിക്കുന്നില്ല. ഭാവിയിൽ നടക്കാനുള്ള സംഭവങ്ങളെക്കുറിച്ച് (ദീർഘദർശനങ്ങൾ) കൂടി അരുൾ ചെയ്യാനാണ് ജീവാത്മാ പരമാത്മാ യോഗത്താൽ ത്രികാല ജ്ഞാനിയായ കഴുകുമല സന്ന്യാസി - അയ്യാവൈകുണ്ഠനാഥർ വന്നിരിക്കുന്നത്. പ്രവചനങ്ങൾ മുൻകൂട്ടി അറിഞ്ഞി രുന്നാൽ നിത്യജീവിതത്തിൽ ഓരോ വ്യക്തിക്കും വേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ മനസ്സിനെയും ബുദ്ധിയെയും പ്രാപ്തമാക്കാൻ അവസരം ലഭിക്കും. ശരീരമാകുന്ന തേനിമലയിൽ ഇരുന്നുകൊണ്ട് വീണ്ടും പല അതിശയങ്ങളും ചെയ്യാനുണ്ട്. ജീവാത്മാ പരമാത്മായോഗത്താൽ എങ്ങുംനിറഞ്ഞ പരംപൊരുളായ ഈശ്വരനെ ആരും അറിയുന്നില്ല. ഓരോ ജനനവും - ഓരോ ശരീരപ്രവേശനവും കർമ്മഫലം അനുഭവിക്കാനാണെന്നുള്ള സത്യം ആരും അറിയുന്നില്ല. പ്രാരാബ്ധകർമ്മങ്ങൾ ഇനിയും അനുഭവിക്കാനുണ്ട്. പ്രാരാബ്ധാവസാനം വരെ ഈ ശരീരത്തിൽ തന്നെ വസിക്കണം.

31. ഏവൽചെയ്യും പിചാചാലേ എൻമക്കാൾ
ഈടഴിന്തു പോനീർകളേ
മകാലിങ്കം ചൊക്കലിങ്കം മായമുത്തു ചോതിലിങ്കം
ഒരു മുത്തു ലോകമുത്തു ഇന്ത ഉലകമെങ്കും പെരുത്തമുത്തു
ഏകമുത്തു നാകമുത്തു ഏങ്കും മുഴു മുത്താനേൻ.

**എൻ. വേലായുധൻ നാടാർ**



മകനേ! ഈശ്വരൻ ആരാണെന്ന സത്യബോധം ഇല്ലാതെ അജ്ഞാനത്താലും അനുകരണങ്ങളാലും കല്ലിലോ തടിയിലോ നിർമ്മിച്ച നാമവും രൂപവും ഉള്ള വിഗ്രഹങ്ങളെ കണ്ടിട്ട് അത്, ഈശ്വരൻ ആണെന്ന അജ്ഞാനത്താൽ ക്ഷരപുരുഷന്മാർ പൂജാദികർമ്മങ്ങൾ ചെയ്തു അധഃപതിച്ചു പോകുന്നു. ജീവാത്മാ പരമാത്മായോഗത്താൽ മഹാലിംഗമായ (പൂർണ്ണനായ) ചൊക്കലിംഗമായ, മായമുത്തായ (ശരീരം ഇല്ലാത്തവനായ) ജ്യോതിലിംഗമായ (പ്രകാശമയനായ) ഒരു മുത്തായ (ഏകദൈവമായ) ലോകമുത്തായ (എങ്ങും നിറഞ്ഞ) പെരുമുത്തായ (ഏറ്റവും വലിയവനായ) ഏകമുത്തായ (ബ്രഹ്മസ്വരൂപനായ) നാഗമുത്തായ (സർപ്പത്തിന്റെ രത്നമായ) സകലചരാചരങ്ങളുടെയും ആത്മാവായ ആ പരംപൊരുളിനെ സ്വശരീരത്തിൽ കണ്ടെത്തി ജനന മരണ പ്രയാണത്തിൽനിന്നും മുക്തനാകുക.

32. വൈയകമെല്ലാം മുത്താച്ചു അതൈ വകൈയറി വാരില്ലൈയപ്പാ
കാടെങ്കും കനത്തമുത്തു അതൈക്കണ്ടെടുപ്പാർ യാരുമില്ലൈ
ചത്തുള്ള മുത്തപ്പാ അതുവുങ്കൾ ചകലവിനൈ തീർക്കും മുത്തു
പത്തിയുള്ള മുത്തപ്പാ അതുവുങ്കൾ പതിയേറും അന്തമുത്തു.

മകനേ! നാമരൂപാദി പ്രപഞ്ചമെല്ലാം നിറഞ്ഞു കവിഞ്ഞിരിക്കുന്ന പരംപൊരുളിനെക്കുറിച്ച് - ബ്രഹ്മത്തെക്കുറിച്ച് അറിയുന്നവർ ഇല്ലല്ലോ. കാട്ടിൽ ധാരാളം മുത്തുണ്ട്. തത്ത്വങ്ങളുണ്ട്. അതിനെ അന്വേഷിച്ച് കണ്ടെത്തുന്നവരും ഇല്ലല്ലോ? എല്ലാ ദോഷങ്ങളും തീർത്തുതരുന്ന ഉത്തമഔഷധമാണ് ആ മുത്ത്. ആ തത്ത്വം തന്നിൽത്തന്നെ താനായിരിക്കുന്ന - നിന്നിൽത്തന്നെ നീയായിരിക്കുന്ന - എന്നിൽത്തന്നെ നീയായിരിക്കുന്ന - നിന്നിൽത്തന്നെ ഞാനായിരിക്കുന്ന ശക്തിയുള്ള ശുദ്ധജ്ഞാനം അരുൾ ചെയ്ത് പതികയറാൻ പ്രാപ്തരാക്കുന്നതും പതികളിൽനിന്നും ശ്രവിക്കേണ്ടതും ആ ജ്ഞാനമാണ്. ആ ജ്ഞാനം ശ്രവിച്ച് സ്വരൂപബോധത്തിലേക്ക് ഉണർന്ന് ജ്ഞാനചക്ഷുസ്സുകൊണ്ട് കണ്ടെത്തുന്നവർക്ക് ജനനമരണ പ്രയാണത്തിൽനിന്നും മുക്തരാകാം. ധന്യരാകാം.

33. കണ്ടവർ എടുത്തിടുങ്കോ ഉങ്കൾ കാരണത്തെയ്വമപ്പാ
ആണാകി പെണ്ണാകി ഉങ്കൾ അമ്പല കുത്താണ്ടിയപ്പാ
കുത്താടി ചിത്തനും നാൻ കുൻകിഴവൻ പണ്ടാരം
പണ്ടാര കിഴവനടാ നാൻ പതിവൈത്തു പിടിത്തിടുവേൻ.

മകനേ! ആ മുത്തിനെ കണ്ടവർ - ആ തത്ത്വം ശ്രവിച്ചവർ സ്വജീവിതത്തിൽ പകർത്തുക. പരോക്ഷജ്ഞാനത്തിൽ നിൽക്കാതെ അപരോക്ഷാനുഭവത്തിലേക്ക് ഉണരുക. സ്വരൂപബോധത്തിലേക്ക് ഉണരുക. അതു തന്നെയാണ് ഈശ്വരനെ കണ്ടെത്താനുള്ള ശുദ്ധമായ മാർഗ്ഗം. നാമരൂപാദി പ്രപഞ്ചത്തിൽ സകല പുരുഷന്മാരുടെയും സകലസ്ത്രീകളുടെയും ശരീരത്തിൽ ജീവാത്മാവായി നടന്ന് ഓരോരോ വ്യക്തിയുടെയും കർമ്മങ്ങളെ ചൈതന്യവത്തായി നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് ആ മുത്താണ്. അജ്ഞാനികളായി ആടിപ്പാടി നടക്കുന്നവരെ സത്യമാർഗത്തിലേക്ക് നയിക്കാൻ പ്രേരിപ്പിക്കുന്നതും ആ മുത്താണ്. പതികളിൽ ഉത്തമരായി വാഴുന്നതും

ആ മുത്താണ്. ആ മുത്തിനെ ദർശിച്ച് ധന്യരാകുക.

34. ഇന്നുമെന്നൈ അറിയവില്ലൈ ചോപനമും ചൊല്ലവില്ലൈ
മരുന്തുവാഴ് മലൈയെന്റു മയങ്കുകിറാരെൻ മക്കളെല്ലാം
മേലുങ്കീഴും തെരിയാതു നാൻ മെയ്യൻ മകൻ പൊയ്യനപ്പാ
കട്ടുപ്പാടുമെട്ടാത നാൻ ഉൻ കുരുവും ചൊല്ലുകിന്റേൻ.

മകനേ! കലിയുഗ മനുഷ്യർക്കായി തത്ത്വങ്ങളും പ്രവചനങ്ങളും അരുൾ ചെയ്തിട്ടും ജീവാത്മാപരമാത്മായോഗത്താൽ ബ്രഹ്മവിത്ത് വരിഷ്ഠനായ പരംപൊരുൾ അയ്യാവൈകുണ്ഠനാഥരെ അറിയുന്നില്ല. അജ്ഞാനത്തിലും അന്ധവിശ്വാസങ്ങളിലും അനുകരണങ്ങളിലും മയങ്ങി സത്യം പറയുന്നവരെ അംഗീകരിക്കുന്നില്ല. മരുത്വാമലയുടെ ഉത്ഭവവും മാഹാത്മ്യവും എന്താണെന്നറിയാതെ ഭ്രമത്താൽ തെറ്റായി പ്രചരിപ്പിക്കുന്നു. കള്ളത്തരങ്ങൾക്കും കാപട്യത്തിനും ചൂഷണങ്ങൾക്കും വഴങ്ങാത്ത സത്യത്തിനും സ്നേഹത്തിനും വഴങ്ങുന്ന ഗുരുനാഥൻ നിത്യവും സത്യവും ശുദ്ധവും ആയിട്ടുള്ള ജ്ഞാനം മാത്രമേ അരുൾ ചെയ്യാറുള്ളൂ. അരുൾ ചെയ്തിട്ടുള്ളൂ.

35. കങ്കൈയിലേ തീർത്തമാടി ഉങ്കൾ കേചവരൈ പോറ്റിടുങ്കോ
കായക്കാരൻ മായച്ചിത്തൻ നാനുങ്കൾ
കൺ കാണാപ്പെരുവഴിയേൻ
അവരവർകൾ ചെയ്യുങ്കുറ്റം ഉങ്കളാണ്ടി അറിവേനടാ
കടലതിലേ തീർത്തമാടി നീങ്കൾ കനത്തവം ചെയ്തിടുങ്കോ.

മകനേ! ഗംഗാനദിയിൽ സ്നാനം ചെയ്ത് കേശവനായ പരംപൊരുളിനെ ആരാധിക്കുക - നിത്യസത്യശുദ്ധജ്ഞാനത്തിൽ സ്നാനം ചെയ്ത് എങ്ങുംനിറഞ്ഞ കേശവനെ ജ്ഞാനചക്ഷുസ്സുകൊണ്ട് ദർശിക്കുക. ശരീരമാകുന്ന ഉപാധിയിൽ വസിക്കുകയാണെങ്കിലും - ജീവിച്ചിരിക്കുകയാണെങ്കിലും ഞാനറിയാതെ എന്നെ നയിച്ചുകൊണ്ടിരിക്കുന്ന, അശരീരിയായ പരംപൊരുളിനെ ദർശിക്കുക. ഈ നാമരൂപാദിപ്രപഞ്ചത്തിൽ ഓരോ വ്യക്തിയും ചെയ്യുന്ന കർമ്മങ്ങളുടെ ഫലം (ന്യായവിധി) വഴികാട്ടിയായ പരംപൊരുൾ കാണുന്നുണ്ട്. അറിയുന്നുണ്ട്. ശരീരത്തിലെ മനസ്സാകുന്ന കടലിൽ സ്നാനം ചെയ്ത് - നിത്യസത്യശുദ്ധജ്ഞാനത്തിൽ സ്നാനം ചെയ്ത് ജീവാത്മാപരമാത്മായോഗത്താൽ ജനനമരണ പ്രയാണത്തിൽ നിന്നും മോചനം നേടി ധന്യരാകുക.

36. ഉങ്കൾ കങ്കൈയിലേ എപ്പോതും കേചവൻ ഇരുക്കിന്റേൻ
മയങ്കുകിറാർ ഏഴുപെണ്ണും ഇന്ത വൈയകമറിയവില്ലൈ
നാലു തിചൈക്കുള്ളാക നടുവേയൊന്റു ഇരുക്കുതപ്പാ
അന്തമൂലൈപ്പേരുഞ്ചൊൽവേൻ അറിന്തോരറിന്തിടുങ്കോ.

മകനേ! ഓരോ മനുഷ്യരുടെയും മനസ്സിനകത്ത് പരംപൊരുളായ കേശവൻ വസിക്കുന്നു. സപ്തകന്യകമാരുടെ മനസ്സിനകത്ത് പരംപൊരുളായ കേശവൻ വസിക്കുന്നു. മനുഷ്യശരീരത്തിലെ നാലുദിക്കുകൾക്കും മധ്യഭാഗത്താണ് ഈശ്വരന്റെ ഇരിപ്പിടമായ ഹൃദയം (മനസ്സ്) എന്ന ശുദ്ധസത്യം അറിയണമെന്ന് താല്പര്യമുള്ളവർക്കായി അയ്യാവൈകുണ്ഠനാഥർ വെളിപ്പെടുത്തുന്നു.

37. തെച്ചണാ മൂലൈയിലേ പതിപോട്ടിരുക്കുതടാ
അതു കുട്ടിപോട്ടു ഇരുക്കുതപ്പാ മുക്കോടിത്തവം
ചെയ്തു പാർതനിലേ അക്കുരുവും പതിപോട്ടിരുക്കിറാർ
ഇരവുപകൽ എപ്പോതും അവർക്കു ഇരൈ
പോട്ടാറ്റുവതില്ലൈ.

മകനേ! ദക്ഷിണ ഭാരതത്തിൽ ഈശ്വരന്റെ ഇരിപ്പിടമായ ഒരു പതി (ശരീരം) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആ പതിയിൽ വസിച്ച് - ആ ശരീരത്തിൽ വസിച്ച് നിത്യസത്യശുദ്ധജ്ഞാനം ശ്രവിച്ച് പരോക്ഷാജ്ഞാനത്തിൽ നിന്നും അപരോക്ഷജ്ഞാനത്തിലേക്ക് ഉണർന്ന് ഉയർന്ന് ജീവാത്മാപരമാത്മായോഗത്താൽ ബ്രഹ്മവിത്തായ ഗുരുനാഥനായ അയ്യാവൈകുണ്ഠനാഥർക്കും ഒരു പതിയുണ്ട്. പതികളിൽ എത്തിച്ചേരുന്ന സത്യാന്വേഷികൾക്കും ഭക്തജനങ്ങൾക്കും രാത്രിയും പകലും വ്യത്യാസമില്ലാതെ നിത്യസത്യശുദ്ധജ്ഞാനം അരുൾ ചെയ്തു വരുന്നു. മറ്റുള്ളവർക്ക് നിത്യസത്യശുദ്ധജ്ഞാനം ശ്രവിക്കാൻ അവസരം ലഭിക്കുന്നില്ല.

38. അഞ്ചാമൽ പിടിത്തിടുങ്കോ അടങ്കിടുവാരക്കുരുവും
നഞ്ചുതിന്റു നാളാച്ചു നാൻ മറൈയെപ്പോറേനടാ
വഞ്ചകമില്ലൈ ചൊന്നോം വഴി പാർത്തു പിടിത്തിടുങ്കോ
വൈയകത്തിൽ യാപേർക്കുമൊരു വലുച്ചക്കരം വരുകതപ്പാ.

മകനേ! ഈശ്വരനെ കണ്ടെത്താനുള്ള അതിയായ ആഗ്രഹത്തോടു കൂടി ഉത്തമഗുരുനാഥനെ സമീപിച്ചാൽ ആ ഗുരുനാഥൻ നിത്യസത്യശുദ്ധജ്ഞാനം അരുൾ ചെയ്ത് ഈശ്വരനെ കണ്ടെത്താനുള്ള ജ്ഞാനനേത്രം തുറപ്പിക്കും. കലിയുഗത്തിൽ ഭ്രമത്താൽ അധർമ്മങ്ങളും ചൂഷണങ്ങളും അന്ധവിശ്വാസങ്ങളും വർദ്ധിച്ചുവരുന്നു. നടന്നുകൊണ്ടിരിക്കുന്നു. അവകളിൽ നിന്നുള്ള മോചനത്തിനായാണ് അയ്യാവൈകുണ്ഠനാഥർ അവതരിച്ചത്. അയ്യാവൈകുണ്ഠനാഥർ അരുൾ ചെയ്യുന്ന നിത്യസത്യശുദ്ധജ്ഞാനത്തിന്റെ വിശ്വാസ്യത സൂക്ഷ്മബുദ്ധി കൊണ്ട് സ്വയം കണ്ടെത്തുക. സൂക്ഷ്മബുദ്ധിയാകുന്ന ചക്രായുധത്തെ പ്രവർത്തിപ്പിക്കുക. അജ്ഞാനം, അനുകരണം, അന്ധവിശ്വാസം എന്നീ മാലിന്യങ്ങളിൽനിന്നും മോചനം നേടുക.

39. കന്ദൻ തിരുവേലോനേ എന്നൈ ആണ്ടിയെന്റ്റിയമാട്ടാൻ
കണ്ടതുണ്ടമാകവല്ലോ കനത്ത പൂമി വെടിക്കുതടാ
കോല നടുമാലയനും ചാലങ്കട്ടി ആടുകിറേൻ
കാളിവെള്ളം വരുകിറതു കപ്പൽ ചെയ്തു വൈത്തിരുങ്കോ.

മകനേ! ജ്ഞാനസ്വരൂപനായ മുരുകനും, അഴകൽ എന്ന നാമത്താൽ പ്രസിദ്ധനായ ശ്രീകൃഷ്ണനും, കർമ്മഫലം (ന്യായവിധി) നടപ്പിലാക്കുന്ന നീതിമാനും, സർവവ്യാപിയായ പരംപൊരുൾ മഹാവിഷ്ണുവും, അണ്ഡകടാഹം നിറഞ്ഞു കവിഞ്ഞിരിക്കുന്ന ബ്രഹ്മവും, ജീവാത്മാപരമാത്മാ യോഗത്താൽ സന്യാസിയായ അയ്യാവൈകുണ്ഠനാഥരും തമ്മിൽ ഭാവഭേദഭാവമില്ല. ഏകമാണ്. ഏകമായ വസ്തുവിനെ വിവിധ നാമരൂപങ്ങളിൽ വിളിക്കപ്പെടുന്നു എന്നു മാത്രം. ഏകമായ വളരെ ഭാരമുള്ള ഈ ഭൂമിയെ ഭൂഖണ്ഡങ്ങളായി കാണിച്ചുതരുന്ന മായാജാലക്കാരൻ ആരാണ്. സുനാമിപോലുള്ള വെള്ളപ്പൊക്കം വരുന്നു. അതിൽനിന്നും രക്ഷപ്പെടാൻ ഒരു കപ്പൽ പണിതു വച്ചിരിക്കണമോ? കാളിവെള്ളം പോലെ ചഞ്ചലമായ മനസ്സിനെ സ്വരൂപബോധത്താൽ സൂക്ഷ്മബുദ്ധികൊണ്ട് ധൈര്യമായി അഭിമുഖീകരിക്കുക. ധന്യരാകുക. ●

*(തുടരും...)*

## മാസിക ലഭിക്കാത്തവർ

സുഷുപ്തി മാസിക എല്ലാ മാസവും അഞ്ചാം തീയതി മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നു. തമ്പാനൂരിലെ ആർ.എം.എസ്സിൽ എല്ലാ 8-ാം തീയതിയും പോസ്റ്റ് ചെയ്യപ്പെടുന്നു. പരമാവധി 15-ാം തീയതിയ്ക്കകം എല്ലാ വരിക്കാർക്കും ലഭിക്കുന്നതാണ്.

മാസിക ലഭിക്കാത്തവർ അക്കാര്യം കാണിച്ചു കൊണ്ടുള്ള പരാതി വെള്ളപേപ്പറിൽ എഴുതി, സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റാഫീസ്, നോർത്ത് ഡിവിഷൻ, ജി.പി.ഒ., തിരുവനന്തപുരം - 695 001 എന്ന വിലാസത്തിലും പബ്ലിഷർ, സുഷുപ്തി മാസിക, ദിനകൈരളി ഭവൻ, ചിന്മയലെയിൻ, കുന്നുംപുറം, തിരുവനന്തപുരം-695 001 എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.

***-മാനേജിംഗ് എഡിറ്റർ***

Vol. 11 No. 10, 2016 November
Date of Publication : 06-11-2016
Govt. Media List No. 178/08/I&PR

SUSHUPTHI MONTHLY
Price: Rs.5/-

KL/TV(N)/WPP/209/2016-18
Licensed to Post without Pre-payment
KL/TV(N)/574/2016-2018
Reg. No. 36072/81

# ജവഹർലാൽ നെഹ്റുവിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ നിന്നും

[redacted]

വിവർത്തനം : സി.എച്ച്. കുഞ്ഞപ്പ

ഭഗവദ്ഗീത മഹാഭാരതത്തിന്റെ ഒരംശമാണ്. ആ മഹാനാടകത്തിലെ ഒരുപകഥ. എങ്കിലും അതു വേറെത്തന്നെ നില്ക്കുന്നു, സ്വയം പൂർണമാണുതാനും. 700 ശ്ലോകങ്ങളുള്ള താരതമ്യേന ചെറിയ ഒരു കൃതിയാണത് – 'അറിയപ്പെട്ട ഏതു ഭാഷയിലുമുള്ള ഏറ്റവും മനോഹരമായ ഗാനം. ഒരു പക്ഷേ, യഥാർത്ഥത്തിൽ തത്ത്വശാസ്ത്രപരമായ ഒരൊറ്റ ഗാനം', എന്നാണ് വില്യം വോൺ ഹംബോൾട്ട് അതിനെക്കുറിച്ചു പറഞ്ഞിട്ടുള്ളത്. ബൗദ്ധപൂർവയുഗത്തിൽ അതു രചിച്ച് എഴുതിയതിനുശേഷം ഇന്നുവരെ അതിന്റെ പ്രചാരവും പ്രാമാണ്യവും കുറഞ്ഞിട്ടില്ല. ഇന്ന് ഇന്ത്യയിൽ അതിന്റെ ആകർഷകത മറ്റേതു കാലത്തെയും പോലെ അത്രയും പ്രബലമായിത്തന്നെ ഇരിക്കുന്നു. ചിന്തയേയും തത്വശാസ്ത്രത്തേയും സംബന്ധിച്ചേടത്തോളം ഏതു വാദത്തെ അനുകൂലിക്കുന്നവരും അതിനെ സ്വന്തം രീതിയിൽ വ്യാഖ്യാനിക്കുന്നു. സംശയം മനുഷ്യമനസ്സിനെയിട്ടു ഞെരുക്കുകയും കടമകളുടെ വ്യാമാർദ്ദം അതിനെ പറിച്ചുകീറുകയും ചെയ്യുന്ന വിഷമഘട്ടങ്ങളിൽ അത് വെളിച്ചത്തിനും മാർഗനിർദ്ദേശത്തിനുമായി ഗീതയെ ഏറെയേറെ ആശ്രയിച്ചുപോന്നു. കാരണം അതു വിഷമസന്ധിയുടെ രാഷ്ട്രീയവും സാമുദായികവുമായ വിഷമസന്ധിയുടെ, അതിലുമുപരിയായി മനുഷ്യാത്മാവിലെ വിഷമസന്ധിയുടെ ഒരു കാവ്യമാകുന്നു. ഗീതയ്ക്കു നിരവധി വ്യാഖ്യാനങ്ങൾ മുമ്പ് പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. വീഴ്ച പറ്റാത്ത ക്രമത്തോടെ അവ തുടരെ വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ചിന്തയിലും കർമ്മത്തിലും ഇന്നും നേതൃത്വം വഹിക്കുന്നവർകൂടി – തിലകനും അരവിന്ദഘോഷും ഗാന്ധിയും അതിനെക്കുറിച്ചെഴുതീട്ടുണ്ട്. ഓരോരുത്തരുടെയും വക സ്വന്തം രീതിയിലുള്ള വ്യാഖ്യാനം. ഗാന്ധിജി അഹിംസയിലുള്ള തന്റെ ഉറച്ച വിശ്വാസത്തിന് അടിസ്ഥാനം ഉറച്ചിട്ടുള്ളത് അതിലാണ്. മറ്റുള്ളവരാകട്ടേ ശർമ്മ്യമായ ഒരു കാര്യത്തിനുവേണ്ടിയുള്ള ഹിംസയേയും യുദ്ധത്തേയും നീതീകരിക്കുകയും ചെയ്യുന്നു.

മഹായുദ്ധം തുടങ്ങുന്നതിനുമുമ്പ്, സമരഭൂമിയിൽവെച്ച് അർജ്ജുനനും കൃഷ്ണനും തമ്മിലുള്ള ഒരു സംഭാഷണത്തോടുകൂടി ഗ്രന്ഥം ആരംഭിക്കുന്നു. അർജ്ജുനൻ അസ്വസ്ഥനായിരിക്കുന്നു. യുദ്ധത്തെയും അതിലടങ്ങിയ കൂട്ടക്കൊലയേയും സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും വധത്തേയും കുറിച്ചു ചിന്തിക്കുമ്പോൾ അവന്റെ മനസ്സാക്ഷി ക്ഷോഭിച്ചിളകുന്നു. ഇതൊക്കെ എന്തിനുവേണ്ടിയാണ്? ഈ നഷ്ടത്തെ, ഈ പാപത്തെ അതിക്രമിക്കാവുന്ന എന്തു നേട്ടമാണുണ്ടാകാനുള്ളത്? തന്റെ പഴയ മാനദണ്ഡങ്ങളൊന്നും തനിക്ക് പ്രയോജനപ്പെടുന്നില്ല തന്റെ മൂല്യകല്പനകളൊക്കെ തകർന്നു താഴുന്നു. അർജ്ജുനൻ, പരസ്പരവിരുദ്ധങ്ങളായ കടമകളും ധർമ്മബോധങ്ങളും യുഗയുഗാന്തരങ്ങളായി പറിച്ചുകീറിക്കൊണ്ടിരിക്കുന്ന പീഡിതമായ മനുഷ്യാത്മാവിന്റെ പ്രതിരൂപമായിത്തീരുന്നു. നേരിട്ടുള്ള ഈ സംഭാഷണത്തിൽ നിന്ന് നാം പടിപടിയായി വ്യക്തിധർമ്മം, സാമുദായികാചാരം എന്നിവയുടെയും മനുഷ്യജീവിതത്തിൽ നീതി മുറകളുടെ പ്രയോഗത്തിന്റെയും എല്ലാം അടക്കിഭരിക്കേണ്ട ആത്മീയവീക്ഷാഗതിയുടേയും വ്യക്തിസ്പർശമേലാത്ത ഉന്നതതലങ്ങളിലേയ്ക്കു നയിക്കപ്പെടുന്നു. ആത്മീയമായ ധാരാളം കാര്യങ്ങൾ അതിലുണ്ട്.



മനുഷ്യന്റെ ഉന്നതിക്കു ള്ള മൂന്നു മാർഗങ്ങളായ ജ്ഞാന-കർമ്മ-ഭക്തിമാർഗങ്ങളെ തമ്മിൽ പൊരുത്തപ്പെടുത്തുവാനും കൂട്ടിയിണക്കി ലയിപ്പിക്കുവാനും ഒരുദ്യമം അതിലുണ്ട്. ഒരുപക്ഷേ മറ്റു മാർഗങ്ങളെ അപേക്ഷിച്ച് ഭക്തിക്ക് അധികം പ്രാധാന്യം നൽകിയിരിക്കണം. പരമാത്മാവിന്റെ ഒരു പ്രത്യക്ഷീകരണമെന്നു കരുതപ്പെടുന്നവനാണെങ്കിലും പുരുഷഭാവത്തിലൊരീശ്വരൻ ഗോചരീഭവിക്കുന്നുമുണ്ട്. ഗീത കാര്യമായി പ്രതിപാദിക്കുന്നത് മനുഷ്യജീവിതത്തിന്റെ ആത്മീയ പശ്ചാത്തലത്തെക്കുറിച്ചാണ്. ഇതു സംബന്ധിച്ചാണ് ദൈനംദിനജീവിതത്തിലെ പ്രായോഗികപ്രശ്നങ്ങൾ പൊന്തിവരുന്നത്. ജീവിതത്തിലെ കടമകളും ധർമ്മങ്ങളും നിറവേറ്റാനായി കർമ്മം ചെയ്യുന്നതിനുള്ള കാഹളസ്വനമാണത്. പക്ഷേ എല്ലായ്പോഴും ആ ആത്മീയപശ്ചാത്തലത്തെയും പ്രപഞ്ചത്തിന്റെ വിശാലതരമായ ഉദ്ദേശ്യത്തെയും മനസ്സിൽ കൊണ്ടായിരിക്കണം, അകർമ്മത്തെ പഴിക്കുന്നുണ്ട്. കർമ്മവും ജീവിതവും അതതു യുഗത്തിലെ ഏറ്റവും ഉന്നതങ്ങളായ ആദർശങ്ങളെ അനുസരിച്ചിരിക്കണം. എന്തുകൊണ്ടെന്നാൽ ഈ ആദർശങ്ങൾ തന്നെ യുഗം യുഗം തോറും മാറിയേയ്ക്കാം. യുഗധർമ്മം – അതായത് യുഗത്തിന്റെ ആദർശം – എപ്പോഴും കാഴ്ചയിലുണ്ടായിരിക്കണം.

ആധുനികേന്ത്യ വ്യർഥതാബോധം നിറഞ്ഞിരിക്കയാകയാലും അക്ഷോഭ്യത കുറെ കവിഞ്ഞുപോയതിന്റെ ദോഷങ്ങൾ അനുഭവിച്ചിട്ടുള്ളതാകയാലും കർമത്തിനുള്ള ഈ ആഹ്വാനം സവിശേഷം ആകർഷകമായിത്തീരുന്നു. ആ കർമത്തെ ആധുനികരീതിയിൽ സാമുദായികോൽഗതിക്കും സമുദായ സേവനത്തിനുമുള്ള പ്രായോഗികവും പരാർത്ഥവും ദേശാഭിമാനപരവും ലോകോപകാരകവുമായ കർമമെന്നു വ്യാഖ്യാനിക്കാനും വിരോധമില്ല. അത്തരം കർമം അഭിലഷണീയമെന്നാണ് ഗീതയുടെ മതം. പക്ഷേ അതിന്റെ പിന്നിൽ ആ ആത്മീയാദർശമുണ്ടായിരിക്കണം. കർമം അനാസക്തമനസ്സോടുകൂടി ചെയ്യണം. ഫലത്തെക്കുറിച്ചു വളരെയൊന്നും വിചാരപ്പെടരുത്. ശരിയായ കർമത്തിനു ശരിയായ ഫലങ്ങൾ – അവ പെട്ടെന്ന് പ്രത്യക്ഷമായില്ലെങ്കിലും – അനിവാര്യമായുണ്ടാകണം: എന്തുകൊകെണ്ടന്നാൽ, കാര്യകാരണനിയമം ഏതവസ്ഥയിലും പരിപാലിക്കപ്പെടും. ●

(തുടരും...)

Edited, Printed, Published & Owned by A.S.Ahimohanan; Printed at Devi Offset for Aradhika Printers, Gandhari Amman Kovil Road, Thiruvananthapuram, Published from Dinakairali Bhavan, (Ph:0471-3272199) Kunnumpuram, Thiruvananthapuram - 1, Kerala.